**വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസ്**

തിരുവനന്തപുരം
14.06.2017

**(പ്രസിദ്ധീകരണത്തിന്)**

## സ്വകാര്യ എയ്ഡഡ് കോളേജ് ടെക്നിക്കൽ അസിസ്റ്റൻറ് തസ്തിക പുതിയ ഗ്രൂപ്പിലേക്ക്

സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനധ്യാപക തസ്തികകളുടെ പാറ്റേൺ പരിഷ്കരിച്ചപ്പോൾ തസ്തികകളെ വിവിധ ഗ്രൂപ്പുകളായി തിരിച്ചിരുന്നു. ഇതിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഗ്രൂപ്പ് 1-ൽ ആണ് ഉൾപ്പെടുത്തിയിരുന്നത്. ഈ തസ്തികയുടെ ജോലി സ്വഭാവവും വിദ്യാഭ്യാസ യോഗ്യതയും ശമ്പളവും ടി ഗ്രൂപ്പിലെ ഇതര തസ്തികകളിൽ നിന്നും വ്യത്യസ്തമായതിനാൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയെ പുതിയ ഗ്രൂപ്പിലാക്കണമെന്ന് ജീവനക്കാരും സംഘടനകളും ദീർഘകാലമായി ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം പരിഗണിച്ച് സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഗ്രൂപ്പ് 8 എന്ന പുതിയ ഗ്രൂപ്പിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായി.